# അമ്മത്തൊട്ടിൽ

**റഫീഖ് അഹമ്മദ്**

1. ‘അമ്മത്തൊട്ടിൽ 'എന്ന കവിത ആരുടെ രചനയാണ്?
   ഉത്തരം:- റഫീഖ് അഹമ്മദ്
2. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ പ്രധാന പ്രമേയമെന്ത്?
   ഉത്തരം:- അവഗണിക്കപ്പെടുന്ന വാർധക്യം
3. പിഞ്ഞാണവർണം എന്നതിന്റെ വിഗ്രഹരൂപമേതാണ് ?
   ഉത്തരം:- പിഞ്ഞാണത്തിന്റെ വർണം
4. പിൻസീറ്റിലെത്രുക്ക നേരെയിരുത്തീട്ട-
   മോരം ചെരിഞ്ഞു മടങ്ങിയിരുന്നമ്മ- അടിവരയിട്ട പദത്തിന്റെ അർഥ സൂചനയെന്ത്?
   ഉത്തരം:- ജീവിതത്തിലെ അവഗണന
5. 'കൈച്ചുള്ളികൾ' എന്ന പദത്തിന്റെ വിഗ്രഹരൂപമെന്ത്?
   ഉത്തരം:- കൈകളാകുന്ന ചുള്ളികൾ
6. 'നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ' - അടിവരയിട്ട പദങ്ങൾ അമ്മയുടെ ഏത് അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്?
   ഉത്തരം:- വാർധക്യം
7. ഷോപ്പിംഗ് മാളുകളെ "ഇപ്പെരുമാളായി" കൽപ്പിച്ചതിന്റെ പൊരുൾ എന്ത് ?
   ഉത്തരം:- ഇന്നത്തെ തലമുറ ഷോപ്പിംഗ് മാളിനെ ഈശ്വര തുല്യമായ സ്ഥാനം നൽകി ആരാധിക്കുന്നു.
8. ഇപ്പെരുമാളിന്റെ എന്ന ചോദ്യത്തിലൂടെ റഫീഖ് അഹമ്മദ് പരിഹാസ വിധേയമാക്കുന്നത് പുതുതലമുറയുടെ ഏത് പ്രവണതയെയാണ്?
   ഉത്തരം:- ഉപഭോഗസംസ്കാരം
9. "തോട്ടുടുത്തായിട്ടിറക്കിയാലെന്നോർത്തു”.ഇവിടെ ഇറക്കിവയ്ക്കുക എന്ന പ്രയോഗം ശ്രദ്ധേയമാണ്. എന്താണ് ഇവിടെ ഇറക്കിവെക്കുന്നത് ?
   ഉത്തരം:- വാർധക്യം ബാധിച്ച അമ്മയെ
10. രാക്കട – വിഗ്രഹരൂപം എഴുതുക?
    ഉത്തരം:- രാത്രിയിൽ പ്രവർത്തിക്കുന്ന കട
11. 'ഒഴിവു കനത്തൊരിരുളിടം’- അടിവരയിട്ട പദത്തെ ഘടക പദങ്ങളാക്കുക?
    ഉത്തരം:- കനത്ത, ഒരു, ഇരുൾ, ഇടം
12. കുട്ടിയേകാന്തത- വിഗ്രഹിക്കുക?
    ഉത്തരം:- കുട്ടിയാകുന്ന ഏകാന്തത
13. അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.? സൂചിതമാകുന്ന കാലഘട്ടം ?
    ഉത്തരം:- ബാല്യം
14. 'പൊട്ടിക്കരഞ്ഞും ശഠിച്ചും കുതറിയും’. ഈ വരികളിൽ സൂചിപ്പിക്കുന്ന കാലഘട്ടം?
    ഉത്തരം:- വിദ്യാലയവുമായി ബന്ധപ്പെട്ട ബാല്യകാലം

15. 'കരിന്തിരിയാളും വരെയവർ' എന്ന പ്രയോഗം കൊണ്ട് എന്താണ് അർഥമാക്കുന്നത് ?

ഉത്തരം:- വാർധക്യവും രോഗവും ബാധിച്ച് അവശയാകും വരെ

16. "അശാന്തനായീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ" ? വരിയിലെ ധ്വനിയെന്ത് ?

ഉത്തരം:- മാനവികത നഷ്ട്പ്പെടുന്ന പുതുതലമുറയുടെ പോക്കിൽ അസ്വസ്ഥനാകുന്ന ഈശ്വരൻ

17. "സീറ്റിലുണ്ടമ്മ വലത്തോട്ടു പൂർണമായ് ചാഞ്ഞ്

മടങ്ങി മയങ്ങി കിടക്കുന്നു" - വരികളിലെ സൂചനയെന്ത്?

ഉത്തരം:- അമ്മയുടെ മരണം

18. "പീളയടഞ്ഞ് നിറം പോയ കണ്ണുകൾ

എന്തേയടക്കാതെവെച്ചമ്മ നിർഭയം" ?- ഏറ്റവും യോചിച്ച അർഥ സാധ്യത ഏത് ?

ഉത്തരം:- മക്കൾക്ക് വേണ്ടി തുറന്നു പിടിച്ച കണ്ണുകൾ

19. "പെറ്റു കിടക്കും തെരുവുപട്ടിക്കൊന്തൊ-

ൗറ്റം കുരച്ചതു ചാടിക്കുതിക്കുന്നു" - കാവ്യഭംഗിയെന്ത് ?

ഉത്തരം:- മാതൃസ്നേഹത്തിന്റെ വിരുദ്ധ ഭാവങ്ങൾ വിശേഷബുദ്ധിയില്ലാത്ത തെരുവുപട്ടിയുടെ മാതൃസ്നേഹം, വിശേഷബുദ്ധിയുള്ള മകന്റെ മാതൃസ്നേഹം

20. അന്നത്തെ <u>സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന്</u> മനസ്സിലൂടപ്പോൾ കടന്നുപോയ്. (അമ്മത്തൊട്ടിൽ) അടിവരയിട്ട കാവ്യഭാഗം നൽകുന്ന സവിശേഷ അർഥം എന്ത് ?

ഉത്തര സൂചന :-
1. ബാല്യകാല സ്മരണകൾ
2. അസുഖം മാറാനുള്ള സൂചിപ്രയോഗം - വേദന
3. ഇന്ന് അമ്മയെ ഉപേക്ഷിക്കുന്നതിനുള്ള കുറ്റബോധം

21. മനുഷ്യ ജീവിതത്തിൽ അമ്മ, തൊട്ടിൽ എന്നീ പദങ്ങൾ ഉണർത്തുന്ന വൈകാരികതയ്ക്ക് വിരുദ്ധമാണ് അമ്മത്തൊട്ടിൽ എന്ന ശീർഷകം. കവിത വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക ?

ഉത്തര സൂചന :-
1. അമ്മ, തൊട്ടിൽ - വാത്സല്യം, സംരക്ഷണം
2 . കുട്ടികളുടെ സംരക്ഷണം, സുരക്ഷിതത്വം
3. അമ്മത്തൊട്ടിൽ എന്ത് ?
4. മകൻ അമ്മയെ ഉപേക്ഷിക്കുന്നത്

22. "ഒന്നനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു." (അമ്മത്തൊട്ടിൽ)

കേരളത്തിലെ മാറുന്ന കുടുംബബന്ധങ്ങളുടെ നേർചിത്രമാണോ അമ്മത്തൊട്ടിൽ എന്ന കവിതയിൽ വരച്ചു വച്ചിരിക്കുന്നത് ? സ്വന്തം നിലപാട് വ്യക്തമാക്കി കുടുംബബന്ധങ്ങൾ കേരളീയസമൂഹത്തിൽ എന്ന വിഷയത്തെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.

ഉത്തര സൂചന:-
1. തലക്കെട്ട്
2. ആമുഖം
3. അമ്മത്തൊട്ടിലിലെ കുടുംബബന്ധം
4. സ്വന്തം നിരീക്ഷണം
5. കാലിക പ്രസക്തി

23. 'അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല. ആവൃദ്ധൻ എത്ര കഷ്ടപ്പെട്ടാണ് അവനെ വളർത്തി കൊണ്ടുവന്നത്.' (പ്ലാവിലക്കഞ്ഞി)

"എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെകൊണ്ടു പോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ " (അമ്മത്തൊട്ടിൽ)

കോരന്റേയും അമ്മത്തൊട്ടിലിലെ മകന്റേയും കാഴ്ച്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തര സൂചന:- 1. കോരന് അച്ഛനോടുള്ള കരുതൽ

2. കോരനും അച്ഛനും തമ്മിലുള്ള ബന്ധം

3. അമ്മത്തൊട്ടിലിലെ മകന് അമ്മയോടുള്ള ബന്ധം

4. ആമുഖമായി കോരനേയും അമ്മത്തൊട്ടിലിലെ മകനേയും പരിചയപ്പെടുത്തണം

# ശ്രീനാരായണഗുരു

**കുറ്റിപ്പുഴ കൃഷ്ണപിള്ള**

1. "മതാതീതനായ ഒരു തത്വജ്ഞാനിയാണ് ശ്രീനാരാണഗുരു" ഇങ്ങനെ വിശേഷിപ്പിച്ചതാര്?

   ഉത്തരം:- കുറ്റിപ്പുഴ കൃഷ്ണപിള്ള

2. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജമായിത്തീർന്ന ഒരു കർമ്മപരിപാടിയായി ലേഖകൻ പറയുന്നതെന്താണ്?

   ഉത്തരം:- അധഃ കൃതവർഗോദ്ധാരണം

3. 'അദ്വൈതി' എന്ന പദം കൊണ്ട് അർഥമാക്കുന്നതെന്ത്?

   ഉത്തരം:- രണ്ടല്ല, ഒന്നു തന്നെ എന്നർഥം

4. മറ്റുയോഗികളിൽ നിന്ന് ശ്രീനാരായണഗുരു എങ്ങനെ വ്യത്യസ്തനാകുന്നു എന്നാണ് കുറ്റിപ്പുഴ അവതരിപ്പിക്കുന്നത്?

   ഉത്തരം:- സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവർത്തി രംഗത്തു നിന്ന് നിവൃത്തനായില്ല

5. 'അപരിത്യാജം' എന്ന പദത്തിന്റെ അർഥം?

   ഉത്തരം:- ഉപേക്ഷിക്കാനാവാത്ത

6. ഭാരതീയവേദാന്തത്തിന്റെ പരമമായ ലക്ഷ്യം എന്ത് ?

   ഉത്തരം:- മോക്ഷം

7. ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റേയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ വിശിഷ്ട ആശയം ഏതാണ്?

   ഉത്തരം:- ഒരു ജാതി, ഒരു മതം,ഒരു ദൈവം മനുഷ്യന്.

8. 'കണ്ണാടി പ്രതിഷ്ഠ' - വെളിപ്പെടുത്തുന്നതെന്ത്?

   ഉത്തരം:- മനുഷ്യന്റെ ധ്യാന ലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്തഃ ശക്തിയുടെ വികസനമാണാവശ്യം എന്നുമുള്ള വസ്തുതയാണ് ഇത് വെളിപ്പെടുത്തുന്നത്

9. ഗുരു എങ്ങനെയാണ് പ്രാതസ്മരണീയനാവുന്നത്?

   ഉത്തരം:- കേരളത്തെ ജാതി പാളയത്തിൽ നിന്നുയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തു.

10. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന ഒരു ശ്രീനാരായണ വചനം എഴുതുക?

    ഉത്തരം:- മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി

11. സാർവലൗകികത്വം (universality) ശ്രീനാരായണോപദേശങ്ങളുടെ ഒരു സവിശേഷതയാണ്. ഈ

വാക്യത്തിന്റെ ആശയത്തോടു യോജിക്കുന്ന പ്രസ്താവന കണ്ടെത്തുക ?

ഉത്തരം:- ശ്രീനാരായണോപദേശങ്ങൾ ലോകം മുഴുവൻ പ്രസക്തമാണ്.

12. ജാതിപിശാചിനെ ഉച്ചാടനം ചെയ്ത ഋഷിവര്യനാണ് ശ്രീനാരായണ ഗുരു. ജാതിപിശാച് എന്ന പദം വിഗ്രഹിച്ചാൽ എങ്ങനെ?

ഉത്തരം:- ജാതിയാകുന്ന പിശാച്

13. "എല്ല മൃഗങ്ങൾക്കും വകതിരിവുണ്ട് . അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യന് മാത്രം സംശയം." ജാതി ചിന്തയെ കുറിച്ച് ശ്രീനാരായണ ഗുരു പ്രകടിപ്പിച്ച ഈ അഭിപ്രായത്തിൽ സ്ഫുരിക്കുന്ന ഭാവം?

ഉത്തരം:- പരിഹാസം

14. എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നു തന്നെ, നദികൾ, സമുദ്രത്തിൽ ചേർന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നും ഉണ്ടോ? (സി.വി കുഞ്ഞിരാമനും നാരായണഗുരുവും തമ്മിലുള്ള സംവാദത്തിൽ നിന്ന്)

പേരും നാടും തൊഴിലും മാത്രമേ ചോദിക്കേണ്ടതുള്ളൂ. ആരു നീ എന്ന് ആരോടും ചോദിക്കേണ്ടതില്ല.കാരണം ശരീരം മുഴുവൻ കണ്ടാൽ തന്നെ മനുഷ്യനാണെന്ന് തിരിച്ചറിയും (ജാതി ലക്ഷണം - ശ്രീനാരായണഗുരു)

കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ തന്നിട്ടുള്ള ആശയത്തെ കൂടി പരിഗണിച്ച് "ഗുരുദർശനങ്ങളും ഏകലോകസങ്കല്പവും" എന്ന ശീർഷകത്തിൽ പ്രഭാഷണം തയ്യാറാക്കുക.

ഉത്തര സൂചന:-

1. അഭിസംബോധന, വിഷയവുമായി ബന്ധപ്പെട്ട ആമുഖം
2. ഗുരുദേവദർശനങ്ങൾ - ഒരു ജാതി, ഒരു മതം,ഒരു ദൈവം മനുഷ്യന്.
3. മതമേതായാലും മനുഷ്യൻ നന്നായാൽ മതി
4. ജാതിചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്
5. മനുഷ്യാണാം മനുഷ്യത്വം ജാതിഃ
6. മറ്റു മതാചാര്യന്മാർ മതത്തെ വ്യാഖ്യനിച്ചത് - ശ്രീനാരായണഗുരുവിന്റെ വ്യാഖ്യാനം
7. മനുഷ്യൻ മൃഗത്തേക്കാളും മോശമാകുന്ന അവസ്ഥ
8. കണ്ണാടി പ്രതിഷ്ഠ(ത+ത്വം+അസി = തത്വമസി- അത് നീയാകുന്നു)
9. ജ്ഞാനസിദ്ധൻ, കർമ്മസിദ്ധൻ പ്രായോഗികവേദാന്തത്തിന് പ്രധാന്യം നൽകിയവൻ
10. പ്രഭാഷണ ശൈലി

15.

- മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനാണ് ഗുരു.
- മനുഷ്യർക്കു മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല . മൃഗത്തേക്കാളും മോശം.

മേൽ കൊടുത്ത പ്രസ്താവനയുടെ വെളിച്ചത്തിൽ ജാതിയെ കുറിച്ചുള്ള ശ്രീനാരായണഗുരുവിന്റെ വീക്ഷണം വിശദമാക്കുന്ന ഉപന്യാസം തയ്യാറാക്കുക.

ഉത്തര സൂചന:- 1. ആമുഖം

2. ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ

3. കാലിക പ്രസക്തി

4.സ്വന്തം നിരീക്ഷണം

16. "പലമതസാരവുമേകമെന്ന പാരാ -

ഉലകിലൊരാനയിലന്ധരെന്ന പോലെ

പലവിധ യുക്തി പറഞ്ഞു പാമരന്മാ -

രലയുവതോർത്തലയാതിരുന്നിടേണം"

ശ്രീനാരായണഗുരുദേവന്റെ ഈ കാഴ്ച്ചപ്പാടിന്റെ സമകാലിക പ്രസക്തി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

ഉത്തര സൂചന:- 1. ആമുഖം

2. ശ്രീനാരായണഗുരുദേവ ദർശനങ്ങൾ

3. വിവിധമതക്കാരും അവരുടെ കാഴ്ച്ചപ്പാടുകളും

4. മതമെന്നതിന്റെ അന്തസത്ത ഉൾക്കൊള്ളുന്നില്ല.

5. ഗുരുദേവന്റെ മതസങ്കൽപ്പം